# കേരള പിറവി ദിനത്തിൽ നീര -മന്ത്രി

**കോഴിക്കോട്:** കേരള പിറവി ദിനത്തിൽ കേരളത്തിൽ നീര വിപണിയിലിറക്കുമെന്നും നാല് നീര സംസ്കരണ പ്ലാൻറുകൾ ആരംഭിക്കുമെന്നും മന്ത്രി കെ.പി. മോഹനൻ.

നാളികേര വികസന കോർപറേഷൻെറ നീര ടെക്നീഷ്യൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുരുഷൻ കടലുണ്ടി അധ്യക്ഷത വഹിച്ചു.

നീര സാങ്കേതികവിദ്യ സി.പി.സി.ആർ.ഐ ഡയറക്ടർ ഇൻചാർജ് കെ.ബി. ഹെബ്ബാർ കോർപറേഷൻ മാനേജിങ് ഡയറക്ടർ അശോക് കുമാർ തെക്കന് കൈമാറി.

കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് അഗസ്റ്റിൻ കാരാക്കട, ജില്ലാ ബാങ്ക് പ്രസിഡൻറ് മനയത്ത് ചന്ദ്രൻ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് ആൻസി ജോസഫ് എന്നിവർ സംസാരിച്ചു. നാളികേര വികസന കോർപറേഷൻ ചെയർമാൻ സബാഹ് പുൽപറ്റ സ്വാഗതവും ജനറൽ മാനേജർ സുഭാഷ് ബാബു നന്ദിയും പറഞ്ഞു.



*നീര ടെക്നീഷ്യൻ പരിശീലന പരിപാടി കൂരാച്ചുണ്ടിൽ മന്ത്രി കെ.പി. മോഹനൻ ഉദ്ഘാടനം ചെയ്യുന്നു*

സംഭരണ പ്ലാൻറ് പുരുഷൻ കടലുണ്ടി ഉദ്ഘാടനം ചെയ്തു. കൂരാച്ചുണ്ട് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻെറ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.